"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: G4-19412/15/സാ.നീ.വ.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
email: swdkerala@gmail.com
website: www.sjdkerala.gov.in
തീയതി : 10-9-2015.

## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ്- 2015 ഒക്ടോബർ 1 ലോക വയോജന ദിനാഘോഷം എല്ലാ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്-

സൂചന: 4.9.15ലെ 10902/സി2/2015 സാ.നീ.വ നമ്പർ സർക്കാർ സർക്കുലർ.

ഈ വർഷത്തെ വയോജന ദിനത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന എല്ലാ വകുപ്പുകളുടേയും ഏജൻസികളുടേയും സംസ്ഥാനതലം മുതൽ പ്രാഥമിക തലം വരെയുള്ള എല്ലാ ആഫീസുകളിലും ലോക വയോജന ദിനാഘോഷ പരിപാടി സംഘടിപ്പിക്കുവാൻ സർക്കാർ സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പിലെ എല്ലാ ഓഫീസുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച 60 വയസ്സ് കഴിഞ്ഞവരെ ഉൾപ്പെടുത്തി ആഫീസ്തല / സ്ഥാപനതല സംഗമം നടത്തേണ്ടതാണ്.

ഔദ്യോഗിക ജീവിതത്തിനു ശേഷമുള്ള ജീവിതാനുഭവങ്ങൾ പങ്കിടുന്നതിനും പഴയകാല ഓർമ്മകൾ അവതരിപ്പിക്കുന്നതിനും ഈ കൂടിച്ചേരൽ പ്രയോജനപ്പെടുത്തേണ്ടതാണ്. രാവിലെ ഏകദേശം ഒന്നര- രണ്ട് മണിക്കൂർ നീണ്ടു നിൽക്കുന്ന പരിപാടി ആയി ആസൂത്രണം ചെയ്യേണ്ടതാണ്. ഈ കൂടിച്ചേരലിൽ പ്രസ്തുത സ്ഥാപനത്തെ വയോജന സൗഹൃദമാക്കുന്നതിന് ഏതൊക്കെ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാമെന്നും, പ്രായോഗികമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും ചർച്ച ചെയ്ത് ഒരു പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ തയ്യാറാക്കിയ നിർദ്ദേശങ്ങൾ ഈ കാര്യാലയത്തിലേയ്ക്ക് 2015 ഒക്ടോബർ 15നകം അയച്ചു തരേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ കീഴ്കാര്യാലയങ്ങളുടെ മേധാവികൾക്കും/
സ്ഥാപന സൂപ്രണ്ടുമാർക്കും.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*db@15*